(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിന് 2011-12-ൽ പ്രഖ്യാപിച്ച കരിമുകോണം മേച്ചിറക്കുളം പദ്ധതി 2014-15-ലും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നഗരപരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി 2015-ലും പൂർത്തിയാക്കി. കൂടാതെ 2014-15-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചതിൽ ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് ബോർഡ് Expression of Interest (EoI) ക്ഷണിച്ചിരുന്നു. ഇതിന് 3 ഏജൻസികൾ താല്പര്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത ഏജൻസികൾ എൻവയോൺമെന്റൽ ക്ലിയറൻസ് ഹാജരാക്കാത്തതിനാൽ ഫണ്ട് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജൈവ വൈവിധ്യ സംരക്ഷണം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് 2013-14-ൽ മുപ്പത് ലക്ഷം രൂപ 3435-04-104-97 എന്ന ശീർഷകത്തിൽ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

ഈടില്ലാതെ വിദ്യാഭ്യാസ വായ്പ

68 (3172) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടില്ലാതെ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി ബാങ്ക് സാമ്പത്തിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റുഡന്റ്സ് ലോൺ ഗ്യാരണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വായ്പ എടുത്ത വിദ്യാർത്ഥികൾക്കോ, ബാങ്കുകൾക്കോ പ്രസ്തുത ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഈടില്ലാതെ വിദ്യാഭ്യാസ വായ്പ സാമ്പത്തിക സ്ഥാപനങ്ങൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ബാങ്കുകൾ എത്ര രൂപ ഇതുവരെ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര രൂപ ഇതുവരെ തിരിച്ചടച്ചിട്ടുണ്ട്; തിരിച്ചടയ്ക്കാത്തതിനാൽ നിയമനടപടികൾ സ്വീകരിച്ച എത്ര കേസ്സുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) സി.ജി.എഫ്.എസ്.ഇ.എൽ. എന്ന പേരിൽ കേന്ദ്രസർക്കാർ ഒരു ഗ്യാരണ്ടി ഫണ്ട് രൂപവത്ക്കരിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(സി) നിലവിൽ ഐ.ബി.എ. സ്കീം മുഖേന മെറിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നാല് ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ നൽകുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ബാങ്കുകളിൽ 2015 സെപ്റ്റംബർ മാസം വരെ വിദ്യാഭ്യാസ വായ്പ അനുവദിച്ചതിൽ 9,98,198 ലക്ഷം രൂപ ബാക്കി നിൽക്കുന്നുണ്ട്. തിരിച്ചടയ്ക്കാത്തതിനാൽ നിയമനടപടികൾക്ക് വിധേയമായ അക്കൗണ്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക്, എത്ര രൂപ തിരിച്ചടച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ പക്കൽ ലഭ്യമല്ലെന്നറിയിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി

69 (3173) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഈ വർഷം എത്ര കോടി രൂപ കടം എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുവെങ്കിൽ ആയത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ പ്രകാരം 31-12-2015 വരെ സർക്കാർ 12,371.69 കോടി (തനി) രൂപ കടമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly